I/55013/2022

വനിതാ ശിശു വികസന വകുപ്പ്
ഐ.സി. പി. എസ് SARA
പൂജപ്പുര, തിരുവനന്തപുരം
തീയതി: 08-08-2022
ഇ-മെയിൽ:- keralasara@gmail.com
ഫോൺ:- 0471 -2342235 , 8281899475

# വിജ്ഞാപനം

വനിത ശിശു വികസന വകുപ്പിൻറെ സംയോജിത ശിശു സംരക്ഷണ പദ്ധതിക്ക് കീഴിൽ 6 വയസ്സിൽ താഴെയുള്ള അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടവരുമായ കുട്ടികളെ സംരക്ഷിക്കുന്നതിന് വേണ്ടി തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളിൽ അംഗീകൃത ദത്തെടുക്കൽ സ്ഥാപനം തുടങ്ങുവാൻ താത്പര്യമുള്ള സന്നദ്ധ സംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾക്ക് 2014 -ലെ ഐ.സി.പി.എസ്. ഗൈഡലൈൻസിന്റെ Annexure 9 പ്രകാരം ധനസഹായം അനുവദി ക്കുന്നതാണ്. 2015-ലെ Juvenile Justice (Care and Protection of Children) Act പ്രകാരം രജിസ്റ്റർ ചെയ്യതും ശ്രദ്ധയും, സംരക്ഷണവും ആവശ്യമായ കുട്ടികളുടെ സംരക്ഷണവും പുനരധിവാസവുമായി ബന്ധപ്പെട്ട് നിയമാനുസൃത രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയായിരിക്കും അംഗീകൃത ദത്തെടുക്കൽ സ്ഥാപനമായി തെരഞ്ഞെടുക്കുന്നത്. അപേക്ഷിക്കുന്ന സ്ഥാപനം ഇനി പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. സ്ഥാപനം നടത്തുവാൻ താത്പര്യമുള്ള സന്നദ്ധ സംഘടനകൾ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
2. 2015-ലെ Juvenile Justice (Care and Protection of Children) Actപ്രകാരം ഉള്ള രജിസട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്.
3. ശ്രദ്ധയും, സംരക്ഷണവും ആവശ്യമുള്ള 30 കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.
4. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് അനുസരിച്ച് മാത്രമേ കുട്ടികളെ സ്ഥാപനത്തിൽ പ്രവേശിപ്പിക്കാൻ പാടുള്ളൂ.
5. സ്ഥാപനത്തിന് ഇത്തരം കുട്ടികളെ സംരക്ഷിച്ച് അവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തി3 വർഷത്തെ പ്രവൃത്തി പരിചയമുണ്ടായിരിക്കണം.
6. വകുപ്പിൻറെ സഹകരണത്തോടു കൂടി അംഗീകൃത ദത്തെടുക്കൽ സ്ഥാപനം തുടങ്ങുന്ന തിനുവേണ്ടി സംഘടനയുടെ ഗവേണിംഗ് ബോഡി തീരുമാനമുണ്ടായിരിക്കേണ്ടതാണ്.
7. 2015 -ലെ Juvenile Justice (Care and Protection of Children) Act,2016 -ലെ Juvenile Justice (Care and Protection of Children) Model Rules, 2017 -ലെ അഡോപ്ഷൻ റെഗുലേഷൻ എന്നിവയിൽ പ്രതിപാദിക്കുന്ന എല്ലാ വ്യവസ്ഥകളും ചട്ടങ്ങളും സ്ഥാപനം കർശനമായി പാലിക്കേണ്ടതാണ്.
8. അപേക്ഷയുടെ ഒപ്പം ഇനി പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.
   i. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് ഇൻഡ്യൻ ട്രസ്റ്റ് ആക്ട്)
   ii. ജെ.ജെ. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
   iii. മെമ്മൊറാണ്ടം ഓഫ് അസോസിയേഷൻ, റൂൾ, റെഗുലേഷൻ & ബൈലോ
   iv. ലിസ്റ്റ് ഓഫ് മാനേജ്മെൻറ് കമ്മിറ്റി /എക്സിക്യൂട്ടീവ് കമ്മിറ്റി
   v. റെസൊല്യൂഷൻ
   vi. സ്ഥാപന മേധാവിയുടെ അണ്ടർടേക്കിംഗ്

vii. ലിസ്റ്റ് ഓഫ് പ്രൊഫഷൻ & ചൈൽഡ് കെയർ സ്റ്റാഫ്

viii. 3 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ആഡിറ്റ് സ്റ്റേറ്റ്മെൻറും

9. സ്ഥാപനത്തിൽ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ

   i. 1 വയസ്സിനും 3 വയസ്സിനും ഇടയ്ക്കും 3 വയസ്സിനും 6 വയസ്സിനും ഇടയ്ക്കും ഒരു വയസ്സിൽ താഴെ പ്രായമുള്ളതുമായ കുട്ടികൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും (ബെഡ് റൂം, ബാത്ത് റൂം, ടോയിലറ്റ് അടക്കമുള്ളവ ) നിർബന്ധമായും ഉണ്ടായി രിക്കേണ്ടതാണ്.

   ii. സിക്ക് റൂം, കൗൺസിലർ റൂം, ഫീഡിംഗ് റൂം, റിക്രിയേഷൻറൂം, ഇൻഡോർ-ഔട്ട്ഡോർ ഫെസിലിറ്റീസ്, കിച്ചൺ, ഡൈനിംഗ്, വാഷ് ഏരിയ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

   iii. മുറികൾ വെളിച്ചം കടക്കുന്നതും, വായു സഞ്ചാരമുള്ളവയും, വേണ്ടത്ര സ്ഥലസൗകര്യം ഉള്ളവയും ആയിരിക്കേണ്ടതാണ്.

   iv. 6 വയസ്സിൽ താഴെയുള്ള കുട്ടികളെ പരിചരിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും (നിയോനാറ്റൽ കെയർ ഉൾപ്പെടെ) സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്

   v. 6 വയസ്സിൽ താഴെയുള്ള സ്പെഷ്യൽ നീഡ് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള എല്ലാ വിധ സംവിധാനങ്ങളും നിർബന്ധമായും അപേക്ഷിക്കുന്ന സ്ഥാപനത്തിനു ണ്ടായിരിക്കേണ്ടതാണ് .

10. 2017 -ലെ അഡോപ്ഷൻ റെഗുലേഷൻ ഷെഡ്യൂൾ XIII ൽ പ്രതിപാദിയ്ക്കുന്ന പ്രകാരമുള്ള Standard of care സ്ഥാപനത്തിന് ഉണ്ടായിരിക്കേണ്ടതാണ്.

11. 2014 -ലെ ഐ.സി.പി.എസ്. ഗൈഡ്‌ലൈൻസ്-ലെ Annexure 9 പ്രകാരമുള്ള ധനസഹായമായിരിക്കും സ്ഥാപനത്തിന് അനുവദിക്കുന്നത്. വിവിധ പ്രവർത്തനങ്ങൾക്ക് അംഗീകൃത ദത്തെടുക്കൽ സ്ഥാപനത്തിന് അനുവദിച്ച 90% തുക മാത്രമേ സാമ്പത്തിക സഹായമായി നൽകുകയുള്ളൂ. ബാക്കിയുള്ള 10% സ്ഥാപനം വഹിക്കേണ്ടതാണ്.

12. വ്യക്തികൾ നടത്തുന്നതോ, ക്രിമിനൽ പശ്ചാത്തലമോ, കേസ്സിലോ മറ്റോ ഏർപ്പെട്ടതോ ആയ സ്ഥാപനങ്ങളെയോ ജെ.ജെ ആക്ടിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങളെയോ പരിഗണിയ്ക്കുന്നതല്ല.

13. അപേക്ഷിക്കുന്ന സ്ഥാപനത്തിൻറെ പരിധിയിൽ ആശുപത്രി, സ്കൂൾ തുടങ്ങിയ സൗകര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

14. മേൽപ്പറഞ്ഞ എല്ലാ വ്യവസ്ഥകളും അടിസ്ഥാന സൗകര്യങ്ങളും ഉള്ള സന്നദ്ധ സംഘടനയുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

15. ലഭിയ്ക്കുന്ന അപേക്ഷകൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ഐസിഡിഎസ് സൂപ്പർവൈസർമാർ എന്നിവർ ചേർന്ന് അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തി, എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന ഒരു സ്ഥാപനമാണെന്ന ജില്ലാ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റിയുടെ ശുപാർശയുടെ കൂടെ അടിസ്ഥാനത്തിൽ വകുപ്പിൻറെ ടെക്നിക്കൽ കമ്മിറ്റി പരിഗണിയ്ക്കുന്നതാണ്.

**<u>അപേക്ഷിക്കേണ്ട വിധം</u>**

നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം മെമ്പർ സെക്രട്ടറി, SARA & ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ്., പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31.08.2022. കൂടുതൽ വിവരങ്ങൾക്ക് പ്രോഗ്രാം മാനേജർ, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിലോ www.wcd.kerala.gov.in എന്ന വെബ് സൈറ്റിലോ, 0471-2342235, 8281899475 എന്ന നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.

I/55013/2022

മെമ്പർ സെക്രട്ടറി, SARA &
ഡയറക്ടർ , വനിതാ ശിശു വികസന വകുപ്പ്

Signed by Priyanka G
Date: 08-08-2022 13:15:45

Signed by Priyanka G
Date: 08-08-2022 13:15:50

I/55016/2022

**കേരള സർക്കാർ**

**വനിത ശിശു വികസന വകുപ്പ്**

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**

**സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ഫോറം**

1. സ്ഥാപനത്തിൻറെ പേര് :
2. മേൽവിലാസം :
3. ഫോൺ നമ്പർ :
4. ഇ-മെയിൽ ഐ.ഡി. :
5. ട്രാവൻകൂർ കൊച്ചിൻ സാഹിത്യ ധർമ്മശാല ശാസ്ത്രീയ സൊസൈറ്റി ആക്റ്റ്, 1955 പ്രകാരമോ സൊസൈറ്റിസ് ആക്റ്റ്, 1860 പ്രകാരമോ മറ്റേതെങ്കിലും ആക്റ്റ് പ്രകാരമോ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?
    a. ഉണ്ടെങ്കിൽ രജിസ്റ്റർ നമ്പറും, തീയതിയും :
6. എം.ഒ.എ. പ്രകാരം സ്ഥാപനത്തിൻറെ ഉദ്ദേശ ലക്ഷ്യം :
7. സംഘടന ആരംഭിച്ച തീയതിയും വർഷവും :
8. സ്ഥാപനം ആരംഭിച്ച തീയതിയും വർഷവും :
9. സ്ഥാപനത്തിന് അംഗീകൃത ദത്തെടുക്കൽ സ്ഥാപനം നടത്തി പ്രവർത്തന പരിചയമുണ്ടോ? ഉണ്ടെങ്കിൽ 3 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ആഡിറ്റർ സ്റ്റേറ്റ്മെൻറും ഉള്ളടക്കം ചെയ്യേണ്ടതാണ്.
10. അംഗീകൃത ദത്തെടുക്കൽ സ്ഥാപനം നടത്തുന്നതിന് ആവശ്യമായ കെട്ടിട സൗകര്യം ലഭ്യമാണോ?
    a. ഉണ്ടെങ്കിൽ, കെട്ടിടത്തിൻറെ വിസ്തൃതി
    b. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിൻറെ വിസ്തൃതി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അംഗീകൃത ദത്തെടുക്കൽ സ്ഥാപനത്തിന് കെട്ടിടം ലഭ്യമല്ലായെങ്കിൽ കെട്ടിടം ലഭ്യമാക്കുന്നതെങ്ങനെ?
11. വ്യക്തികൾ നടത്തുന്നതോ, ക്രിമിനൽ പശ്ചാത്തലമുള്ളതോ കേസ്സിലുൾപ്പെട്ടതോ ആയ സ്ഥാപനമാണോ?
12. സംസ്ഥാന സർക്കാരിൻറെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനെത്തുടർന്ന് ലൈസൻസ് റദ്ദാക്കിയ സ്ഥാപനമാണോ?
13. സ്ഥാപനത്തിൽ പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ പരമാവധി എണ്ണം.
14. ഇപ്പോൾ സ്ഥാപനത്തിലുള്ള തസ്തികയും എണ്ണവും.
15. സ്ഥാപനത്തിൻറെ പ്രവർത്തനത്തിന് ഒരു വർഷം വേണ്ടി വരുന്ന തുക.
16. ധന സഹായമായി ആവശ്യപ്പെടുന്ന തുക.
17. വിശദമായി ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ടോ?

സ്ഥലം:

തീയതി: കോ-ഓർഡിനേറ്റർ

**Signed by Priyanka G**
**Date: 08-08-2022 13:17:42**